പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5364

01/07/2019 ലെ മറുപടിയ്ക്ക്

**സേവനാവകാശ കാലാവധിയിൽ ഇൻഷ്വറൻസ് വകുപ്പിലെ ക്ലെയിം തീർപ്പാക്കൽ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ഡോ: ടി. എം.തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പമന്ത്രി |
| എ | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിലവിൽ ക്ലെയിം തീർപ്പാക്കലിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | കാലതാമസം പരിഹരിക്കുന്നതിനും പൂർണ്ണമായ അപേക്ഷ ലഭിച്ച തീയതി മുതൽ സേവനാവകാശ നിയമം വ്യക്തമാക്കുന്ന സമയപരിധിക്കുള്ളിൽ ക്ലെയിമുകൾ തീർപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ? | വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഇൻഷ്വറൻസ് ക്ലെയിമുകൾ തീർപ്പാക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ട്. കമ്പ്യൂട്ടർവൽക്കരണം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്ന മുറക്ക് സേവനാവകാശ നിയമം വ്യക്തമാക്കുന്ന സമയപരിധിക്കുള്ളിൽ ക്ലെയിമുകൾ തീർപ്പാക്കുന്നതിന് സാധിക്കുന്നതാണ്. |

Anupama

സെക്ഷൻ ഓഫീസർ